# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2300

19-07-2016 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ഭക്ഷ്യ സ്വയംപര്യാപ്തതയും കാർഷികരംഗത്തിന്റെ ഉണർവ്വിനും നടപടി

**ചോദ്യം**
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കാലയളവിൽ ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കും കാർഷികരംഗം തളരുന്നതു പരിഹരിക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | 2006-2011 കാലഘട്ടത്തിൽ ആരംഭിച്ചതും തുടർന്ന് വന്നിരുന്നതുമായ നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, ഹൈടെക് കൃഷി, കുട്ടനാട്, ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി മുതലായ പദ്ധതികൾക്ക് പുറമെ നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി, കൂടുതൽ പേരെ കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ എന്നിവയും നടപ്പിലാക്കി. |
| (ബി) | പ്രസ്തുത കാലയളവിൽ ഓരോ വർഷവും കാർഷിക വിളകളുടേയും പച്ചക്കറികളുടേയും ഉല്പാദനം എത്ര ശതമാനമായിരുന്നു എന്നും സംസ്ഥാനത്തിനു വേണ്ടത് എത്ര എന്നും ഇവയ്ക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നത് എത്ര ശതമാനം എന്നും വ്യക്തമാക്കുമോ; | (ബി) | 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളുടെ 29% ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ചു. ശേഷിക്കുന്ന 71% മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി വഴി കണ്ടെത്തി. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| പച്ചക്കറികൾ | | | |
|---|---|---|---|
| വർഷം | ആവശ്യകത (ലക്ഷം ടൺ) | ആഭ്യന്തര ഉൽപ്പാദനം (ലക്ഷം ടൺ) | ശതമാനം |
| 2011-12 | 19.05 | 5.55 | 29% |
| 2012-13 | 19.17 | 5.51 | 28.7% |
| 2013-14 | 20.03 | 5.57 | 27.8% |
| 2014-15 | 20.28 | 5.98 | 29.5% |

| | | | |
|---|---|---|---|
| 2015-16 | 20.52 | 6.28 | 30.6% |
| ആകെ | 99.05 | 28.89 | 29.10% |

2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിനാവശ്യമായ അരിയുടെ 27.6% ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ചു. ശേഷിക്കുന്ന ആവശ്യകത (72.4%) അന്യസംസ്ഥാനങ്ങളായ ആന്ധ്രാ പ്രദേശ്, തമിഴ് നാട് എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതിയിലൂടെ കണ്ടെത്തി. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| അരി | | | |
|---|---|---|---|
| വർഷം | ആവശ്യകത (ലക്ഷം ടൺ) | ആഭ്യന്തര ഉൽപ്പാദനം (ലക്ഷം ടൺ) | ശതമാനം |
| 2011-12 | 36 | 5.69 | 15.8% |
| 2012-13 | 36 | 5.08 | 14.10% |
| 2013-14 | 36 | 5.64 | 15.6% |
| 2014-15 | 36 | 5.62 | 15.6% |
| 2015-16 | 36 | 5.58 | 15.5% |
| ആകെ | 180 | 27.61 | 15.3% |

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ സംസ്ഥാനത്തെ നെൽപാടങ്ങളിൽ കൃഷിയിറക്കാതെ തരിശുകിടന്ന ഭൂമി എത്രയെന്നും റബ്ബർ തോട്ടമായി മാറിയ ഭൂമി എത്രയെന്നും നെൽവയൽ നികത്തി കെട്ടിട സമുച്ചയങ്ങളും ഫ്ലാറ്റുകളുമായി മാറിയ ഭൂമി എത്രയെന്നും വിശദമാക്കുമോ;

(സി) 1) കഴിഞ്ഞ സർക്കാർ കാലയളവിൽ സംസ്ഥാനത്തെ നെൽപാടങ്ങളിൽ കൃഷിയിറക്കാതെ തരിശുകിടന്ന ഭൂമി - 32770.104 ഹെക്ടർ.

2) നെൽപാടങ്ങളിൽ റബ്ബർ തോട്ടമായി മാറിയ ഭൂമി - 191.014 ഹെക്ടർ.

3) നെൽവയൽ നികത്തി കെട്ടിട സമുച്ചയങ്ങളും ഫ്ലാറ്റുകളുമായി മാറിയ ഭൂമി - 586.9943 ഹെക്ടർ.

(ഡി) നെൽകൃഷിയും മറ്റു കാർഷിക വിളകളും പച്ചക്കറികളും സംസ്ഥാനത്തിനാവശ്യത്തിന് ലഭ്യമാക്കാനായി ഇവയുടെ ഉല്പാദനം കൂട്ടാൻ ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനാവശ്യത്തിന് ലഭ്യമാക്കുന്നതിന് പിരിവ് (എ) യിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾ ബജറ്റ് വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ആനുകൂല്യ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇവ കൂടാതെ താഴെ ചേർത്തിരിക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നെൽകൃഷി വികസനം-

പദ്ധതിക്കുള്ള ബജറ്റ് വിഹിതം നിലവിലെ 35 കോടിയിൽ നിന്നും 50 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

1. കര നെൽകൃഷിക്ക് സൗജന്യമായി വിത്തും ഹെക്ടറിന് 10000/- രൂപ നിരക്കിൽ ധനസഹായവും നൽകുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷം 2560 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.
2. ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങൾ/ മുപ്പൂ നിലങ്ങൾ ആക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.
3. സാധ്യമായ സ്ഥലങ്ങളിൽ തരിശു നിലങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇപ്രകാരം വിവിധ നടപടികളിലൂടെ അടുത്ത അഞ്ച് വർഷം കൊണ്ട് നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള 1.98 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

പച്ചക്കറി കൃഷി -

വിഷരഹിതമായ പച്ചക്കറികൃഷി ജനങ്ങളിലെത്തിക്കുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കാർഷിക സർവ്വ കലാശാല, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണ ത്തോടെ 50,000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചക്കറികൃഷിയുടെ സമഗ്ര ഡാറ്റാ തയ്യാറാക്കൽ, വിപണനം എന്നിവയ്ക്കായി ഒരു 'സമഗ്ര പച്ചക്കറി മിഷൻ' രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കുന്നതിനായി കൃഷിവകുപ്പ് സെക്രട്ടറി ചെയർമാനും കൃഷി ഡയറക്ടർ കൺവീനറുമായി 7 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.

നിലവിലുള്ള പച്ചക്കറി കൃഷി വികസന പദ്ധതി തുടരുന്നതാണ്. ഇതിനുള്ള ബജറ്റ്

| | | | |
|---|---|---|---|
| | | | വിഹിതം നിലവിലുള്ള 68.30 കോടിയിൽ നിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഇ) | കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു തടയുവാനും ഉപയോഗിച്ചവ തിരിച്ചുപിടിക്കാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | നിലമായി കിടക്കുന്ന കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുവാൻ 2008-ലെ നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുണ്ട്. ടി നിയമ പ്രകാരം നെൽ വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതും രൂപഭേദപ്പെടുത്തുന്നതും തടയപ്പെട്ടിട്ടുണ്ട്. നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ